**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 938** **31-01-2024 - ൽ മറുപടിയ്ക്ക്**

**എരുമേലി പഞ്ചായത്തിലെ വനാതിർത്തിയിലുള്ള പട്ടയഭൂമികൾ ഏറ്റെടുക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | എരുമേലി പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ എരുമേലി തെക്ക് വില്ലേജിൽ ഇരുമ്പൂന്നിക്കര ഭാഗത്ത് ഏതാനും പേരുടെ പട്ടയഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തൊട്ടാകെ മനുഷ്യ വന്യജീവി സംഘർഷം രൂക്ഷമായ സ്ഥലങ്ങളിൽ നിന്നും സ്വമേധയാ മാറിതാമസിക്കാൻ താല്പര്യപ്പെടുന്നവർക്ക് ആയതിന് അവസരം നല്കുന്നതിലേക്കായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് നവകിരണം - സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി. പ്രസ്തുത പദ്ധതിയിയുടെ ഭാഗമായി എരുമേലി പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ എരുമേലി തെക്ക് വില്ലേജ് ഇരുമ്പൂന്നിക്കര ഭാഗത്തുനിന്നും ലഭിച്ച 20 അപേക്ഷകൾ റേഞ്ച്, ഡിവിഷൻ, റീജിയണൽ ലെവൽ സമിതികൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഭൂമി ഏറ്റെടുത്ത് വനഭൂമിയാക്കുന്നതുമൂലം പ്രദേശത്ത് വന്യജീവികളുടെ ആക്രമണം രൂക്ഷമാവുമെന്നതിനാൽ പ്രസ്തുത നടപടി അടിയന്തരമായി നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ 24.05.2023 തീയതി നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | കോട്ടയം വനം ഡിവിഷനിലെ എരുമേലി റെയ്ഞ്ചിലെ ആശാൻ കോളനി, കൊമ്പുകുത്തി സെറ്റിൽമെന്റുകൾ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എട്ടാമത്തെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമാണ്. ടി പ്രദേശത്തെ ജനങ്ങൾ സ്വമേധയാ അപേക്ഷയുമായി വനം വകുപ്പിനെ സമീപിച്ചതിനാൽ നിലവിലുള്ള പദ്ധതി പ്രകാരം അവ തള്ളിക്കളയാൻ നിർവ്വാഹമില്ലാത്തതിനാലാണ് ടി സെറ്റിൽമെന്റിനെ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ആശാൻ കോളനി, കൊമ്പുകുത്തി സെറ്റിൽമെന്റുകളിൽ നിന്നും സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിക്കായി ലഭിച്ച അപേക്ഷകളിന്മേൽ പദ്ധതി പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി അടിയന്തരമായി നിർത്തിവയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വനത്തിന്റെ തുടർച്ചയായിട്ടുള്ളതോ, വനത്താൽ ചുറ്റപ്പെട്ടതോ ആയ സ്ഥലങ്ങളിൽ താമസിക്കുന്നവരും, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ ബുദ്ധിമുട്ടുള്ള സ്ഥലത്തുള്ളവരും, |

| | | | |
|---|---|---|---|
| | | | പ്രകൃതിദുരന്തങ്ങൾക്ക് കാരണമായേക്കാവുന്ന സ്ഥലത്ത് താമസിക്കുന്നവരും, മനുഷ്യ വന്യജീവി സംഘർഷം കൂടുതലായ സ്ഥലങ്ങളിൽ താമസിക്കുന്നവരും, വികസനം ഇല്ലാത്തതുമായ സ്ഥലത്തെ ആദിവാസികൾ അല്ലാത്ത സ്വമേധയാ മാറിത്താമസിക്കാൻ തയ്യാറുള്ള ജനങ്ങൾക്ക്/ കുടുംബങ്ങൾക്ക് ബഹു: സർക്കാർ റീബിൽഡ് കേരളപദ്ധതിയിൽ ഉൾപ്പെടുത്തി നവകിരണം പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതാണ്. ടി പദ്ധതിയ്ക്ക് വിശദവും വ്യക്തമായതുമായ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിർബന്ധിത കുടിയൊഴിപ്പിക്കൽ എന്നത് സർക്കാർ നയമല്ല. ടി പ്രദേശത്തെ ജനങ്ങൾ സ്വമേധയാ അപേക്ഷയുമായി വനം വകുപ്പിനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടി സെറ്റിൽമെന്റിനെ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ